## അധ്യായം 19

# മര്‍യം

### അവതരണം മക്കയില്‍, വചനങ്ങള്‍ 98

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്‍റെ നാമത്തില്‍

كٓهيعٓصٓ ﴿١﴾

1. കാഫ്-ഹാ-യാ-അയ്ന്‍-സ്വാദ്

ذِكْرُ رَحْمَتِ رَبِّكَ عَبْدَهُۥ زَكَرِيَّآ ﴿٢﴾

2. നിന്‍റെ നാഥന്‍ തന്‍റെ ദാസന്‍ സകരിയ്യക്ക് ചെയ്ത കാരുണ്യത്തിന്‍റെ അനുസ്മരണമത്രെ ഇത്.

2. ഹാറൂന്‍ നബിയുടെ വംശപരമ്പരയില്‍ പെട്ടയാളാണ് സകരിയ്യ നബി.

إِذْ نَادَىٰ رَبَّهُۥ نِدَآءً خَفِيًّا ﴿٣﴾

3. അദ്ദേഹം തന്‍റെ രക്ഷിതാവിനെ പതുക്കെ വിളിച്ച സന്ദര്‍ഭം.

قَالَ رَبِّ إِنِّى وَهَنَ ٱلْعَظْمُ مِنِّى وَٱشْتَعَلَ ٱلرَّأْسُ شَيْبًا وَلَمْ أَكُنۢ بِدُعَآئِكَ رَبِّ شَقِيًّا ﴿٤﴾

4. അദ്ദേഹം പറഞ്ഞു: എന്‍റെ രക്ഷിതാവേ, എന്‍റെ എല്ലുകള്‍ ദുര്‍ബലമായിരിക്കുന്നു. തല
യാകട്ടെ നരച്ചു തിളങ്ങുന്നതായിരിക്കുന്നു. എന്‍റെ നാഥാ ഞാന്‍ ഒരിക്കലും നിന്നോട് പ്രാര്‍ത്ഥിച്ചിട്ട് പരാജിതനായിട്ടില്ല.

وَإِنِّى خِفْتُ ٱلْمَوَٰلِىَ مِن وَرَآءِى وَكَانَتِ ٱمْرَأَتِى عَاقِرًا فَهَبْ لِى مِن لَّدُنكَ وَلِيًّا ﴿٥﴾

5. എനിക്കു പുറകെ വരാനുള്ള ബന്ധുജനങ്ങളെക്കുറിച്ച് ഞാന്‍ ഭയപ്പെടുന്നു. എന്‍റെ ഭാര്യയാകട്ടെ വന്ധ്യയുമാണ്. അതിനാല്‍ നിന്‍റെ പക്കല്‍നിന്ന് എനിക്കൊരു പിന്‍ഗാമിയെ പ്രദാനംചെയ്യേണമേ!

يَرِثُنِى وَيَرِثُ مِنْ ءَالِ يَعْقُوبَ ۖ وَٱجْعَلْهُ رَبِّ رَضِيًّا ﴿٦﴾

6. അവന്‍ എന്‍റെ അനന്തരാവകാശിയാകണം. യഅ്ഖൂബ് കുടുംബത്തിന്‍റെ അനന്തരാവകാശി യും. എന്‍റെ നാഥാ! നീ അവനെ തൃപ്തിഭാജനമാക്കുകയും ചെയ്യേണമേ.

يَٰزَكَرِيَّآ إِنَّا نُبَشِّرُكَ بِغُلَٰمٍ ٱسْمُهُۥ يَحْيَىٰ لَمْ نَجْعَل لَّهُۥ مِن قَبْلُ سَمِيًّا ﴿٧﴾

7. അല്ലയോ, സകരിയ്യ! തീര്‍ച്ചയായും ഒരാണ്‍കുട്ടിയെക്കുറിച്ച് നിന്നെ നാം സന്തോഷവാര്‍ത്ത അറിയിക്കുന്നു. അവന്‍റെ പേര്‍ യഹ്‌യാ എന്നായിരിക്കും. ഇതിനു മുമ്പ് നാം ആരേയും അവന്‍റെ പേരുള്ളവരാക്കിയിട്ടില്ല.

قَالَ رَبِّ أَنَّىٰ يَكُونُ لِى غُلَٰمٌ وَكَانَتِ ٱمْرَأَتِى عَاقِرًا وَقَدْ بَلَغْتُ مِنَ ٱلْكِبَرِ عِتِيًّا ﴿٨﴾

8. അദ്ദേഹം പറഞ്ഞു: എൻെറ നാഥാ! എനിക്കെങ്ങനെയാണ് പുത്രനുണ്ടാവുക. എൻെറ ഭാര്യ വന്ധ്യയാണ്. ഞാനാണെങ്കിൽ വാർദ്ധക്യത്താൽ പരിശുഷ്കനുമായിക്കഴിഞ്ഞു.

قَالَ كَذَٰلِكَ قَالَ رَبُّكَ هُوَ عَلَيَّ هَيِّنٌ وَقَدْ خَلَقْتُكَ مِن قَبْلُ وَلَمْ تَكُ شَيْـًٔا ﴿٩﴾

9. അവൻ(അല്ലാഹു) പറഞ്ഞു:അപ്രകാരമാകുന്നു(സംഭവിക്കുകതന്നെ ചെയ്യും).നിൻെറ നാഥൻ പറയുന്നു: എനിക്ക് അത് നിസ്സാരമാണ്. നേരത്തെ നീ ഒന്നും അല്ലാതിരിക്കെ, ഇതിനു മുമ്പ് നിന്നെ നാം സൃഷ്ടിച്ചിട്ടുള്ളതാണല്ലോ.

قَالَ رَبِّ ٱجْعَل لِّيٓ ءَايَةً ۚ قَالَ ءَايَتُكَ أَلَّا تُكَلِّمَ ٱلنَّاسَ ثَلَٰثَ لَيَالٍ سَوِيًّا ﴿١٠﴾

10. (സകരിയ്യ) പറഞ്ഞു: എൻെറ നാഥാ! നീ എനിക്കൊരു അടയാളം കല്പിച്ചുതന്നാലും. (അല്ലാഹു) പറഞ്ഞു: നിനക്കുള്ള അടയാളം, തുടർച്ചയായി മൂന്നു രാത്രികൾ ജനങ്ങളോട് സംസാരിക്കാൻ സാധിക്കാതിരിക്കുക എന്നതാണ്.

فَخَرَجَ عَلَىٰ قَوْمِهِۦ مِنَ ٱلْمِحْرَابِ فَأَوْحَىٰٓ إِلَيْهِمْ أَن سَبِّحُوا۟ بُكْرَةً وَعَشِيًّا ﴿١١﴾

11. അങ്ങനെ അദ്ദേഹം പ്രാർഥനാമണ്ഡപത്തിൽ നിന്നിറങ്ങി തൻെറ ജനത്തിൻെറ അടുത്തേക്ക് പോയി. എന്നിട്ട് അദ്ദേഹം ആംഗ്യത്തിലൂടെ നിർദേശിച്ചു: രാവിലെയും വൈകുന്നേരവും അല്ലാഹുവിൻെറ വിശുദ്ധിയെ വാഴ്ത്തുവിൻ!

يَٰيَحْيَىٰ خُذِ ٱلْكِتَٰبَ بِقُوَّةٍ ۖ وَءَاتَيْنَٰهُ ٱلْحُكْمَ صَبِيًّا ﴿١٢﴾

12. അല്ലയോ, യഹ്യാ! വേദഗ്രന്ഥത്തെ മുറുകെപ്പിടിച്ചുകൊള്ളുക (എന്ന് നാം കൽപിച്ചു). ശൈശവത്തിൽതന്നെ നാം അവന്ന് ജ്ഞാനം നൽകുകയും ചെയ്തു.

---

12. അദ്ദേഹത്തോട് തൗറാത്ത് മുറുകെപ്പിടിച്ച് നിലകൊള്ളുവാനും, ഇസ്രായീല്യരെ അതിൽ നിലനിറുത്താൻ പ്രയത്നിക്കുവാനും ചുമതലപ്പെടുത്തി.

അദ്ദേഹത്തെപ്പറ്റി മാർക്കോസ് 1:3-6 -ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. 'കർത്താവിൻെറ വഴി ഒരുക്കുവിൻ അവൻെറ പാത നിരപ്പാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്നവൻെറ വാക്കു' എന്നിങ്ങനെയുള്ള യെശയ്യാ പ്രവാചകൻെറ പുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ യോഹന്നാൻ (യഹ്യാ) വന്നു മരുഭൂമിയിൽ സ്നാനം കഴിപ്പിച്ചും പാപമോചനത്തിന്നായുള്ള മാനസാന്തര സ്നാനം കഴിപ്പിച്ചും പ്രസംഗിച്ചും കൊണ്ടിരുന്നു. അവൻെറ അടുക്കൽ യെഹൂദ്യദേശം ഒക്കെയും യെരുശലേമ്യർ എല്ലാവരും വന്നു പാപങ്ങളെ ഏറ്റുപറഞ്ഞു. യോർദ്ദാൻ നദിയിൽ അവനാൽ സ്നാനം കഴിഞ്ഞു.

ഇക്കാരണത്താൽ അദ്ദേഹം സ്നാപക യോഹന്നാൻ (John the Baptist) എന്ന പേരിൽ പ്രസിദ്ധനായി.

അന്നത്തെ യഹൂദിയാ രാജാവ് ഹെരോദേസ് തൻെറ സഹോദരൻെറ ഭാര്യയായ ഹെരോദിയായെ സ്വന്തം വീട്ടിൽ താമസിപ്പിച്ചിരുന്നു. രാജാവിൻെറ ഈ ദ്ലേഛവൃത്തിക്കെതിരിൽ യഹ്യാനബി ശബ്ദമുയർത്തുകയും അതുകാരണം ഹെരോദേസ് അദ്ദേഹത്തെ പിടിച്ചു ജയിലിലടക്കുകയും ചെയ്തു. മത്തായി 14:5-11-ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. അവനെ കൊല്ലുവാൻ മനസ്സുണ്ടായിട്ടും പുരുഷാരം അവനെ പ്രവാചകൻ എന്നു എണ്ണുകയാൽ അവരെ ഭയപ്പെട്ടു. എന്നാൽ ഹെരോദാവിൻെറ ജനനദിവസം ആയപ്പോൾ ഹെരോദ്യയുടെ മകൾ സഭാമദ്ധ്യേ നൃത്തം ചെയ്തു. ഹെരോദാവിനെ പ്രസാദിപ്പിച്ചു. അതുകൊണ്ട് എന്തു ചോദിച്ചാലും അവൾക്കു കൊടുക്കും എന്ന് അവൻ സത്യം ചെയ്തു വാക്കു കൊടുത്തു. അവൾ അമ്മയുടെ ഉപദേശപ്രകാരം: യോഹന്നാൻ സ്നാപകൻെറ തല ഒരു താലത്തിൽ തരേണം എന്നു പറഞ്ഞു. രാജാവു ദുഃഖിച്ചു. എങ്കിലും ചെയ്ത സത്യത്തെയും വിരുന്നുകാരെയും വിചാരിച്ചു അതു കൊടുപ്പാൻ കല്പിച്ചു.ആളയച്ചു തടവിൽ യോഹന്നാനെ ശിരഃഛേദം ചെയ്യിച്ചു. അവൻെറ തല ഒരു താലത്തിൽ കൊണ്ടുവന്നു ബാലെക്കു കൊടുത്തു.

---

وَحَنَانًا مِّن لَّدُنَّا وَزَكَوٰةً ۖ وَكَانَ تَقِيًّا ﴿١٣﴾

13. നമ്മുടെ പക്കൽനിന്നുള്ള ദയാവായ്പും പരിശുദ്ധിയും(പ്രദാനം ചെയ്തു.)അദ്ദേഹം സൂക്ഷ്മതയുള്ളവനായിരുന്നു.

وَبَرَّۢا بِوَٰلِدَيۡهِ وَلَمۡ يَكُن جَبَّارًا عَصِيّٗا ﴿١٤﴾

14. തന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നവനും. അദ്ദേഹം അഹംഭാവിയോ അനുസരണമില്ലാത്തവനോ ആയിരുന്നില്ല.

وَسَلَٰمٌ عَلَيۡهِ يَوۡمَ وُلِدَ وَيَوۡمَ يَمُوتُ وَيَوۡمَ يُبۡعَثُ حَيّٗا ﴿١٥﴾

15. അവൻ ജനിച്ച ദിവസവും,അവൻ മരിക്കുന്ന ദിവസവും, ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും അവന്റെ മേൽ സമാധാനം.

وَٱذۡكُرۡ فِي ٱلۡكِتَٰبِ مَرۡيَمَ إِذِ ٱنتَبَذَتۡ مِنۡ أَهۡلِهَا مَكَانٗا شَرۡقِيّٗا ﴿١٦﴾

16. വേദഗ്രന്ഥത്തിൽ മർയമിനെ നീ അനുസ്മരിക്കുക. അവൾ തന്റെ സ്വന്തക്കാരിൽനിന്നകന്ന് കിഴക്കൊരിടത്ത് കഴിഞ്ഞു കൂടിയ സന്ദർഭം.

فَٱتَّخَذَتۡ مِن دُونِهِمۡ حِجَابٗا فَأَرۡسَلۡنَآ إِلَيۡهَا رُوحَنَا فَتَمَثَّلَ

لَهَا بَشَرٗا سَوِيّٗا ﴿١٧﴾

17. അവൾ ഒരുവിരിയിട്ട് അവരിൽനിന്ന് മറഞ്ഞിരിക്കുകയായിരുന്നു.അപ്പോൾ നാം നമ്മുടെ റൂഹിനെ (ജിബ്രീൽ എന്ന മാലാഖയെ)അവളുടെ അടുത്തേക്കയച്ചു.അങ്ങനെ അദ്ദേഹം അവളുടെ മുമ്പിൽ തികഞ്ഞ മനുഷ്യരൂപത്തിൽ പ്രത്യക്ഷമായി.

قَالَتۡ إِنِّيٓ أَعُوذُ بِٱلرَّحۡمَٰنِ مِنكَ إِن كُنتَ تَقِيّٗا ﴿١٨﴾

18. അവൾ പറഞ്ഞു: നിന്നിൽനിന്ന് ഞാൻ തീർച്ചയായും പരമകാരുണികനായ (അല്ലാഹുവിൽ)അഭയം തേടുന്നു. നീ ദൈവഭയമുള്ളവനാണെങ്കിൽ (അകന്നുപോവുക)

قَالَ إِنَّمَآ أَنَا۠ رَسُولُ رَبِّكِ لِأَهَبَ لَكِ غُلَٰمٗا زَكِيّٗا ﴿١٩﴾

19. (ജിബ്‌രീൽ) പറഞ്ഞു: നിനക്ക് പരിശുദ്ധനായ ഒരു പുത്രനെ പ്രദാനം ചെയ്യാൻ നിന്റെ നാഥൻ നിയോഗിച്ച ദൂതൻ മാത്രമാണ് ഞാൻ.

قَالَتۡ أَنَّىٰ يَكُونُ لِي غُلَٰمٞ وَلَمۡ يَمۡسَسۡنِي بَشَرٞ وَلَمۡ أَكُ بَغِيّٗا ﴿٢٠﴾

20. അവൾ (മർയം) പറഞ്ഞു: എനിക്ക് പുത്രനുണ്ടാകുന്നതെങ്ങനെ? ഒരു പുരുഷനും എന്നെ സ്പർശിച്ചിട്ടില്ല. ഞാൻ ദുർനടപ്പുകാരിയുമല്ല.

قَالَ كَذَٰلِكِ قَالَ رَبُّكِ هُوَ عَلَيَّ هَيِّنٞۖ وَلِنَجۡعَلَهُۥٓ ءَايَةٗ لِّلنَّاسِ وَرَحۡمَةٗ مِّنَّاۚ

وَكَانَ أَمۡرٗا مَّقۡضِيّٗا ﴿٢١﴾

21. (ജിബ്‌രീൽ) പറഞ്ഞു: അപ്രകാരം (ആയിരിക്കും അത്). നിന്റെ നാഥൻ പറയുന്നു: നമുക്കത് വളരെ നിസ്സാരമായ കാര്യമാണ്. അവനെ (ആ കുട്ടിയെ) ജനങ്ങൾക്കൊരു ദൃഷ്ടാന്തവും നമ്മിൽ നിന്നുള്ള കാരുണ്യവും ആക്കുന്നതിനുവേണ്ടി. അത് തീരുമാനിക്കപ്പെട്ട ഒരു കാര്യമാകുന്നു.

۞فَحَمَلَتۡهُ فَٱنتَبَذَتۡ بِهِۦ مَكَانٗا قَصِيّٗا ﴿٢٢﴾

22. അങ്ങനെ അവൾ അവനെ ഗർഭം ധരിച്ചു. എന്നിട്ട് അതുമായി അവൾ അകലെയുള്ള ഒരു സ്ഥലത്ത് മാറിത്താമസിച്ചു.

22. ഇസ്രായീല്യരിലെ വിശുദ്ധ വംശമായ ഹാറൂൻ കുലത്തിൽ പിറന്ന മർയമിനെ അവരുടെ മാതാവിൻെറ നേർച്ചയനുസരിച്ച് ബൈതുൽ മഖ്ദിസിൽ ആരാധനക്കിരുത്തിയതായിരുന്നു. വിശുദ്ധദേവാലയത്തിൽ ദൈവാരാധനക്കായി ഉഴിഞ്ഞുവെക്കപ്പെട്ട മർയം പെട്ടെന്ന് ഗർഭിണിയായ സാഹചര്യത്തിൽ അവൾ ഭജനമന്ദിരത്തിൽതന്നെ താമസിക്കുകയും അവളുടെ ഗർഭം ആളുകൾക്ക് പ്രത്യക്ഷപ്പെടുകയും ചെയ്താൽ അത് അവൾക്കും മറ്റുള്ളവർക്കും പ്രയാസങ്ങളുണ്ടാക്കുമായിരുന്നതിനാലാണ് അവർ ഭജനഗൃഹം വിട്ട് 'അകലെയുള്ള സ്ഥലം' (ബത്ലഹേമിലെക്ക്) മാറിത്താമസിച്ചത്.

فَأَجَآءَهَا ٱلۡمَخَاضُ إِلَىٰ جِذۡعِ ٱلنَّخۡلَةِ قَالَتۡ يَٰلَيۡتَنِي مِتُّ قَبۡلَ هَٰذَا وَكُنتُ

نَسۡيٗا مَّنسِيّٗا ﴿٢٣﴾

23. അങ്ങനെ പ്രസവവേദന അവളെ ഒരു ഈന്തപ്പനയുടെ അടുത്തേക്ക് കൊണ്ടുവന്നു. അവൾ പറഞ്ഞു: ഹാ കഷ്ടം! ഇതിനു മുമ്പേ തന്നെ ഞാൻ മരിച്ചിരുന്നെങ്കിൽ! തീരെ വിസ്മരിക്കപ്പെട്ട ഒന്നായി ഞാൻ തീരുകയും ചെയ്തെങ്കിൽ!

فَنَادَىٰهَا مِن تَحۡتِهَآ أَلَّا تَحۡزَنِي قَدۡ جَعَلَ رَبُّكِ تَحۡتَكِ سَرِيّٗا ﴿٢٤﴾

24. അപ്പോൾ അവളുടെ താഴ്ഭാഗത്തുനിന്ന് അവളോട് വിളിച്ചു പറഞ്ഞു: നീ വ്യസനിക്കാതിരിക്കുക. നിൻെറ നാഥൻ നിൻെറ താഴ്ഭാഗത്ത് ഒരു അരുവി ഉണ്ടാക്കിയിട്ടുണ്ട്.

وَهُزِّيٓ إِلَيۡكِ بِجِذۡعِ ٱلنَّخۡلَةِ تُسَٰقِطۡ عَلَيۡكِ رُطَبٗا جَنِيّٗا ﴿٢٥﴾

25. നീ ആ ഈന്തപ്പനയുടെ തടി നിൻെറ അടുക്കലേക്ക് പിടിച്ചു കുലുക്കുക. അത് നിനക്ക് പുതിയ ഈന്തപ്പഴം വീഴ്ത്തിത്തരുന്നതാണ്.

فَكُلِي وَٱشۡرَبِي وَقَرِّي عَيۡنٗاۖ فَإِمَّا تَرَيِنَّ مِنَ ٱلۡبَشَرِ

أَحَدٗا فَقُولِيٓ إِنِّي نَذَرۡتُ لِلرَّحۡمَٰنِ صَوۡمٗا فَلَنۡ أُكَلِّمَ ٱلۡيَوۡمَ إِنسِيّٗا ﴿٢٦﴾

26. അങ്ങനെ നീ തിന്നുകയും കുടിക്കുകയും കൺകുളിർക്കുകയും ചെയ്യുക. പിന്നെ വല്ല മനുഷ്യരേയും നീ കാണുകയാണെങ്കിൽ, അവരോട് പറഞ്ഞേക്കുക: ഞാൻ പരമകാരുണികനുവേണ്ടി വ്രതം നേർന്നിരിക്കുകയാണ്. അതിനാൽ ഞാൻ ഇന്ന് ആരോടും സംസാരിക്കുന്നതല്ല.

فَأَتَتۡ بِهِۦ قَوۡمَهَا تَحۡمِلُهُۥۖ قَالُواْ يَٰمَرۡيَمُ لَقَدۡ جِئۡتِ

شَيۡـٔٗا فَرِيّٗا ﴿٢٧﴾

27. അങ്ങനെ അവനെയുമെടുത്ത് (കുഞ്ഞിനെ) അവൾ തൻെറ ജനത്തിലേക്കു ചെന്നു. അവർ പറഞ്ഞുതുടങ്ങി: മർയമേ, നീ മഹാപാപം ചെയ്തുകളഞ്ഞല്ലോ.

يَٰٓأُخۡتَ هَٰرُونَ مَا كَانَ أَبُوكِ ٱمۡرَأَ سَوۡءٖ وَمَا

كَانَتۡ أُمُّكِ بَغِيّٗا ﴿٢٨﴾

28. അല്ലയോ ഹാറൂന്റെ സോദരീ, നിന്റെ പിതാവ് ഒരു ചീത്ത മനുഷ്യനായിരുന്നില്ല. നിന്റെ മാതാവ് ദുർന്നടത്തക്കാരിയുമായിരുന്നില്ല.

فَأَشَارَتۡ إِلَيۡهِۖ قَالُواْ كَيۡفَ نُكَلِّمُ مَن كَانَ فِي ٱلۡمَهۡدِ صَبِيّٗا ﴿٢٩﴾

29. അപ്പോൾ അവൾ തന്റെ (ശിശു)വിനു നേരേ ചൂണ്ടി. അവർ ചോദിച്ചു: തൊട്ടിലിൽ കിടക്കുന്ന ഒരു ശിശുവിനോട് ഞങ്ങൾ സംസാരിക്കുന്നതെങ്ങനെ?

قَالَ إِنِّي عَبۡدُ ٱللَّهِ ءَاتَىٰنِيَ ٱلۡكِتَٰبَ وَجَعَلَنِي نَبِيّٗا ﴿٣٠﴾

30. അവൻ(ശിശു) പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. എനിക്കവൻ വേദഗ്രന്ഥം നൽകുകയും എന്നെ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു.

وَجَعَلَنِي مُبَارَكًا أَيۡنَ مَا كُنتُ وَأَوۡصَٰنِي بِٱلصَّلَوٰةِ وَٱلزَّكَوٰةِ مَا

دُمۡتُ حَيّٗا ﴿٣١﴾

31. ഞാൻ എവിടെയായിരുന്നാലും അവൻ എന്നെ അനുഗ്രഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കാനും സകാത്ത് നൽകാനും അവനെന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു.

وَبَرَّۢا بِوَٰلِدَتِي وَلَمۡ يَجۡعَلۡنِي جَبَّارٗا شَقِيّٗا ﴿٣٢﴾

32. (അവൻ എന്നെ) എന്റെ മാതാവിനോട് നന്നായി വർത്തിക്കുന്നവനും (ആക്കിയിരിക്കുന്നു.) അവൻ എന്നെ അഹംഭാവിയും ഭാഗ്യം കെട്ടവനുമാക്കിയിട്ടില്ല.

وَٱلسَّلَٰمُ عَلَيَّ يَوۡمَ وُلِدتُّ وَيَوۡمَ أَمُوتُ وَيَوۡمَ أُبۡعَثُ حَيّٗا ﴿٣٣﴾

33. ഞാൻ ജനിച്ച ദിവസവും മരിക്കുന്ന ദിവസവും ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും എനിക്ക് സമാധാനം.

ذَٰلِكَ عِيسَى ٱبۡنُ مَرۡيَمَۖ قَوۡلَ ٱلۡحَقِّ ٱلَّذِي فِيهِ

يَمۡتَرُونَ ﴿٣٤﴾

34. ഇതാകുന്നു മർയമിന്റെ പുത്രൻ ഈസാ. അവർ ഏതൊരു വിഷയത്തിൽ തർക്കിച്ചുകൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റിയുള്ള സത്യപ്രസ്താവന.

مَا كَانَ لِلَّهِ أَن يَتَّخِذَ مِن وَلَدٖۖ سُبۡحَٰنَهُۥٓۚ إِذَا قَضَىٰٓ أَمۡرٗا فَإِنَّمَا يَقُولُ لَهُۥ كُن

فَيَكُونُ ﴿٣٥﴾

35. ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന്റെ സ്വഭാവമേയല്ല. അവൻ എത്ര പരിശുദ്ധൻ!. അവൻ ഒരു കാര്യം തീരുമാനിച്ചാൽ, 'അത് ഭവിക്കട്ടെ' എന്നു പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അത് സംഭവിക്കുന്നു.

---

35. ഈസാ(അ)(യേശു)ദൈവപുത്രനാണ് എന്ന വിശ്വാസം മിഥ്യയാണെന്ന് ഖുർആൻ ഇവിടെ വ്യകതമാക്കുന്നു. അദ്ദേഹം ആഹാരം കഴിക്കുകയും, ഉറങ്ങുകയും, ചൂടും തണുപ്പും അനുഭവിക്കുകയും, പിശാചുമുഖേനയുള്ള പരീക്ഷണത്തിനുപോലും വിധേയനാകുകയും ചെയ്തിരുന്നു. ''യേശുക്രിസ്തു'' തന്നെ ഒരു മനുഷ്യപുത്രനായിട്ടാണ് അവതരിപ്പിച്ചതെന്നുള്ള വസ്തുത സുവിശേഷങ്ങളുടെ ധാരാളം വാചകങ്ങളിൽനിന്നു വ്യക്തമാകുന്നുണ്ട്. ("Jesus speaks of himself as the son of man,.." Introduction to 'The Gospel

according to MARK'- Good news Bible, Catholic Edition). ഒരു സ്ത്രീയുടെ ഗർഭാശയത്തിൽനിന്ന് പുറത്തുവന്ന, നീണ്ട ഒരു വംശപരമ്പരയുള്ള, മനുഷ്യശരീരാകൃതിയോടുകൂടിയ, മാനുഷികമായ പരിധികൾകൊണ്ട് പരിമിതനും ഉപാധികൾകൊണ്ട് നിബദ്ധനുമായ, മനുഷ്യസവിശേഷതകളെല്ലാം ഉൾക്കൊള്ളുന്ന മസീഹ് (മിശിഹായുടെ അറബിരൂപമാണ് മസീഹ്) ദൈവമാവാൻ തരമില്ലെന്നുള്ളത് എത്രയും വ്യക്തമായ ഒരു വസ്തുതയാണ്. അങ്ങനെയുള്ള യേശു ദൈവമാണെന്നോ ദൈവത്വത്തിൽ പങ്കാളിയാണെന്നോ സങ്കൽപിക്കാനൊക്കുമോ? തങ്ങളുടെ വേദഗ്രന്ഥങ്ങളിൽ ഒരു മനുഷ്യജീവിതം നയിച്ചതായിക്കാണുന്ന യേശുവിനു ദൈവത്വത്തിൻേറതായ ഗുണങ്ങൾ നൽകി ആരാധിക്കുകയും അതിൽതന്നെ ശഠിച്ചുനിൽക്കുകയും ചെയ്യുന്നത് അത്ഭുതകരം തന്നെ.

---

وَإِنَّ ٱللَّهَ رَبِّى وَرَبُّكُمۡ فَٱعۡبُدُوهُۚ هَـٰذَا صِرَٲطٌ مُّسۡتَقِيمٌ ﴿٣٦﴾

36. (ഈസാ പറഞ്ഞു:) തീർച്ചയായും അല്ലാഹു എൻെറയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ ആരാധിക്കുവിൻ. ഇതാണ് നേരായ വഴി.

فَٱخۡتَلَفَ ٱلۡأَحۡزَابُ مِنۢ بَيۡنِهِمۡۖ فَوَيۡلٌ لِّلَّذِينَ كَفَرُواْ مِن مَّشۡهَدِ يَوۡمٍ عَظِيمٍ ﴿٣٧﴾

37. എന്നാൽ അവരിൽപെട്ട കക്ഷികൾ തമ്മിൽ ഭിന്നിച്ചു. അതുകൊണ്ട് സത്യനിഷേധികൾക്ക്, ആ ഗുരുതരമായ നാൾ കണ്ടുമുട്ടുമ്പോൾ മഹാനാശമായിരിക്കും.

أَسۡمِعۡ بِہِمۡ وَأَبۡصِرۡ يَوۡمَ يَأۡتُونَنَاۖ لَـٰكِنِ ٱلظَّـٰلِمُونَ ٱلۡيَوۡمَ فِى ضَلَـٰلٍ مُّبِينٍ ﴿٣٨﴾

38. അവർ നമ്മുടെ അടുത്ത് വരുന്ന ദിവസം അവർക്ക് എന്തൊരു കേൾവിയും കാഴ്ചയുമായിരിക്കും! എന്നാൽ ഇന്ന് ആ ധിക്കാരികൾ വ്യക്തമായ വഴികേടിലാകുന്നു.

وَأَنذِرۡهُمۡ يَوۡمَ ٱلۡحَسۡرَةِ إِذۡ قُضِىَ ٱلۡأَمۡرُ وَهُمۡ فِى غَفۡلَةٍ وَهُمۡ لَا يُؤۡمِنُونَ ﴿٣٩﴾

39. മനസ്താപത്തിൻേറതായ ആ ദിവസത്തെക്കുറിച്ച് അവർക്ക് മുന്നറിയിപ്പ് നൽകുക. കാര്യം (അന്തിമമായി) തീരുമാനിക്കപ്പെടുന്ന (ദിനമാണത്.) അതേക്കുറിച്ച് അവർ അശ്രദ്ധയിലാണ്. അവർ വിശ്വസിക്കുന്നുമില്ല.

إِنَّا نَحۡنُ نَرِثُ ٱلۡأَرۡضَ وَمَنۡ عَلَيۡہَا وَإِلَيۡنَا يُرۡجَعُونَ ﴿٤٠﴾

40. തീർച്ചയായും ഭൂമിയുടെയും അതിലുള്ളവരുടെയും അനന്തരാവകാശിയാകുന്നത് നാം തന്നെയാണ്. എല്ലാവരും നമ്മിലേക്കുതന്നെ മടക്കപ്പെടുന്നതുമാകുന്നു.

وَٱذۡكُرۡ فِى ٱلۡكِتَـٰبِ إِبۡرَٲهِيمَۚ إِنَّهُ ۥ كَانَ صِدِّيقًا نَّبِيًّا ﴿٤١﴾

41. ഗ്രന്ഥത്തിൽ ഇബ്രാഹീമിനെ അനുസ്മരിക്കുക. തീർച്ചയായും അദ്ദേഹം സത്യസന്ധനും പ്രവാചകനുമായിരുന്നു.

إِذۡ قَالَ لِأَبِيهِ يَـٰٓأَبَتِ لِمَ تَعۡبُدُ مَا لَا يَسۡمَعُ وَلَا يُبۡصِرُ
وَلَا يُغۡنِى عَنكَ شَيۡـًٔا ﴿٤٢﴾

42. അദ്ദേഹം തൻെറ പിതാവിനോട് പറഞ്ഞ സന്ദർഭം: എൻെറ പിതാവേ, കേൾക്കാനോ കാണാനോ അങ്ങയ്ക്കെന്തെങ്കിലും ഉപകാരം ചെയ്യാനോ കഴിയാത്ത വസ്തുക്കളെ അങ്ങ് എന്തിനാണ് ആരാധിച്ചുകൊണ്ടിരിക്കുന്നത്.

يَـٰٓأَبَتِ إِنِّى قَدۡ جَآءَنِى مِنَ ٱلۡعِلۡمِ مَا لَمۡ
يَأۡتِكَ فَٱتَّبِعۡنِىٓ أَهۡدِكَ صِرَٲطًا سَوِيًّا ﴿٤٣﴾

43. എന്റെ പിതാവേ, തീര്‍ച്ചയായും അങ്ങയ്ക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിരിക്കുന്നു. അതിനാല്‍ എന്നെ പിന്തുടരുക. ഞാന്‍ അങ്ങയ്ക്ക് നേരായ വഴി കാണിച്ചു തരാം.

يَٰٓأَبَتِ لَا تَعۡبُدِ ٱلشَّيۡطَٰنَۖ إِنَّ ٱلشَّيۡطَٰنَ كَانَ لِلرَّحۡمَٰنِ
عَصِيّٗا ٤٤

44. എന്റെ പിതാവേ, അങ്ങ് പിശാചിന് വഴിപ്പെടരുത്. തീര്‍ച്ചയായും പിശാച് പരമകാരുണികനെ ധിക്കരിച്ചവനാകുന്നു.

يَٰٓأَبَتِ إِنِّيٓ أَخَافُ أَن يَمَسَّكَ عَذَابٞ مِّنَ ٱلرَّحۡمَٰنِ فَتَكُونَ لِلشَّيۡطَٰنِ وَلِيّٗا ٤٥

45. എന്റെ പിതാവേ, പരമകാരുണികനില്‍ നിന്നുള്ള വല്ല ശിക്ഷയും അങ്ങയെ ഉറപ്പായും പിടികൂടുമെന്ന് ഞാന്‍ ഭയപ്പെടുന്നു. അങ്ങനെ അങ്ങ് പിശാചിന്റെ മിത്രമായിത്തീരും.

قَالَ أَرَاغِبٌ أَنتَ عَنۡ ءَالِهَتِي يَٰٓإِبۡرَٰهِيمُۖ لَئِن لَّمۡ تَنتَهِ لَأَرۡجُمَنَّكَۖ
وَٱهۡجُرۡنِي مَلِيّٗا ٤٦

46. അയാള്‍(പിതാവ്)പറഞ്ഞു: എന്റെ ദൈവങ്ങളെ നീ വെറുക്കുകയാണോ ഹേ! ഇബ്രാഹീം? നീ വിരമിച്ചില്ലെങ്കില്‍,തീര്‍ച്ചയായും നിന്നെ ഞാന്‍ കല്ലെറിയും.ദീര്‍ഘകാലത്തേക്ക് എന്നെ വിട്ടു പൊയ്ക്കൊള്ളുക.

قَالَ سَلَٰمٌ عَلَيۡكَۖ سَأَسۡتَغۡفِرُ لَكَ رَبِّيٓۖ إِنَّهُۥ كَانَ بِي حَفِيّٗا ٤٧

47. അദ്ദേഹം (ഇബ്രാഹീം) പറഞ്ഞു: അങ്ങയ്ക്ക് സലാം. അങ്ങയ്ക്കു പൊറുത്തുതരാന്‍ ഞാന്‍ എന്റെ രക്ഷിതാവിനോട് പ്രാര്‍ത്ഥിക്കാം. തീര്‍ച്ചയായും അവനെന്നോട് ഏറെ ഔദാര്യമുള്ളവനാകുന്നു.

وَأَعۡتَزِلُكُمۡ وَمَا تَدۡعُونَ مِن دُونِ ٱللَّهِ وَأَدۡعُواْ رَبِّي عَسَىٰٓ أَلَّآ أَكُونَ بِدُعَآءِ
رَبِّي شَقِيّٗا ٤٨

48. നിങ്ങളെയും അല്ലാഹുവെക്കൂടാതെ നിങ്ങള്‍ വിളിച്ചു പ്രാര്‍ത്ഥിക്കുന്നവയെയും ഞാന്‍ വെടിയുന്നു. ഞാന്‍ എന്റെ നാഥനോടു മാത്രം പ്രാര്‍ത്ഥിക്കുന്നു. എന്റെ രക്ഷിതാവിനോടുള്ള പ്രാര്‍ത്ഥനയില്‍ ഞാന്‍ അനുഗ്രഹം കെട്ടവന്‍ ആകാതിരുന്നേക്കാം.

فَلَمَّا ٱعۡتَزَلَهُمۡ وَمَا يَعۡبُدُونَ مِن دُونِ ٱللَّهِ وَهَبۡنَا لَهُۥٓ إِسۡحَٰقَ
وَيَعۡقُوبَۖ وَكُلّٗا جَعَلۡنَا نَبِيّٗا ٤٩

49. അങ്ങനെ അദ്ദേഹം അവരെയും അല്ലാഹു അല്ലാത്ത അവരുടെ ആരാധ്യരെയും വെടിഞ്ഞു പോയപ്പോള്‍ അദ്ദേഹത്തിനു നാം ഇസ്ഹാഖിനെയും(പുത്രന്‍),യഅ്ഖൂബിനെയും(പൗത്രന്‍) നല്‍കി. അവരെയെല്ലാം പ്രവാചകന്മാരാക്കുകയും ചെയ്തു.

وَوَهَبۡنَا لَهُم مِّن رَّحۡمَتِنَا وَجَعَلۡنَا لَهُمۡ لِسَانَ صِدۡقٍ عَلِيّٗا ٥٠

50. അവര്‍ക്കു നമ്മുടെ അനുഗ്രഹം പ്രദാനം ചെയ്തു. അവര്‍ക്ക് ഉയര്‍ന്ന സല്‍ക്കീര്‍ത്തിയരുളുകയും ചെയ്തു.

وَٱذۡكُرۡ فِي ٱلۡكِتَٰبِ مُوسَىٰٓۚ إِنَّهُۥ كَانَ مُخۡلَصٗا وَكَانَ رَسُولٗا نَّبِيّٗا ٥١

51. വേദഗ്രന്ഥത്തിൽ മൂസായെ നീ അനുസ്മരിക്കുക. നിശ്ചയമായും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയായിരുന്നു. ദൂതനും പ്രവാചകനുമായിരുന്നു.

وَنَٰدَيۡنَٰهُ مِن جَانِبِ ٱلطُّورِ ٱلۡأَيۡمَنِ وَقَرَّبۡنَٰهُ نَجِيّٗا ٥٢

52. നാം അദ്ദേഹത്തെ ത്വൂർ പർവതത്തിന്റെ വലതുവശത്തുനിന്ന് വിളിക്കുകയും രഹസ്യസംഭാഷണത്തിനായി നാം അദ്ദേഹത്തിന് നാം സാമീപ്യം നൽകുകയും ചെയ്തു.

وَوَهَبۡنَا لَهُۥ مِن رَّحۡمَتِنَآ أَخَاهُ هَٰرُونَ نَبِيّٗا ٥٣

53. നമ്മുടെ കാരുണ്യത്താൽ, അദ്ദേഹത്തിന്റെ സഹോദരൻ ഹാറൂനിനെയും നാം പ്രവാചകനാക്കി അദ്ദേഹത്തിനു (സഹായിയായി) നൽകി.

وَٱذۡكُرۡ فِي ٱلۡكِتَٰبِ إِسۡمَٰعِيلَۚ إِنَّهُۥ كَانَ صَادِقَ ٱلۡوَعۡدِ وَكَانَ رَسُولٗا نَّبِيّٗا ٥٤

54. വേദഗ്രന്ഥത്തിൽ ഇസ്മാഈലിനെ നീ അനുസ്മരിക്കുക. തീർച്ചയായും അദ്ദേഹം വാഗ്ദാനം പാലിക്കുന്നവനായിരുന്നു. അദ്ദേഹം ദൂതനും പ്രവാചകനുമായിരുന്നു.

وَكَانَ يَأۡمُرُ أَهۡلَهُۥ بِٱلصَّلَوٰةِ وَٱلزَّكَوٰةِ وَكَانَ عِندَ رَبِّهِۦ مَرۡضِيّٗا ٥٥

55. തന്റെ ആളുകളോട് നമസ്കരിക്കുവാനും സകാത്ത് നൽകുവാനും അദ്ദേഹം കൽപിക്കുമായിരുന്നു. അദ്ദേഹം തന്റെ നാഥന് ഏറെ പ്രിയപ്പെട്ടവനായിരുന്നു.

وَٱذۡكُرۡ فِي ٱلۡكِتَٰبِ إِدۡرِيسَۚ إِنَّهُۥ كَانَ صِدِّيقٗا نَّبِيّٗا ٥٦

56. വേദഗ്രന്ഥത്തിൽ നീ ഇദ്‌രീസിനെയും അനുസ്മരിക്കുക. നിശ്ചയമായും അദ്ദേഹം സത്യസന്ധനും പ്രവാചകനുമായിരുന്നു.

---

56. പ്രവാചകൻ ഇദ്‌രീസ് (അ), ബൈബിളിൽ ഹനോക്ക് (Enoch) എന്ന് വിളിക്കപ്പെടുന്ന ആൾ ആയിരിക്കാമെന്നാണ് ഖുർആൻ വ്യാഖ്യാതാക്കളുടെ പൊതുവായ അഭിപ്രായം. അദ്ദേഹം നൂഹ് നബിക്കും മുമ്പ് കഴിഞ്ഞു പോയ പ്രവാചകനായിരിക്കാമെന്നും ആദമിന്റെ പുത്രന്മാരിൽപ്പെട്ട ആളായിരിക്കാമെന്നും അഭിപ്രായമുണ്ട്.

---

وَرَفَعۡنَٰهُ مَكَانًا عَلِيًّا ٥٧

57. സമുന്നതമായ ഒരു സ്ഥാനത്തേക്ക് അദ്ദേഹത്തെ നാം ഉയർത്തി.

أُوْلَٰٓئِكَ ٱلَّذِينَ أَنۡعَمَ ٱللَّهُ عَلَيۡهِم مِّنَ ٱلنَّبِيِّـۧنَ مِن ذُرِّيَّةِ ءَادَمَ وَمِمَّنۡ حَمَلۡنَا مَعَ
نُوحٖ وَمِن ذُرِّيَّةِ إِبۡرَٰهِيمَ وَإِسۡرَٰٓءِيلَ وَمِمَّنۡ هَدَيۡنَا وَٱجۡتَبَيۡنَآۚ إِذَا تُتۡلَىٰ
عَلَيۡهِمۡ ءَايَٰتُ ٱلرَّحۡمَٰنِ خَرُّواْۤ سُجَّدٗا وَبُكِيّٗا۩ ٥٨

58. ഇവരത്രെ അല്ലാഹു അനുഗ്രഹിച്ച പ്രവാചകന്മാർ. ആദം സന്തതികളിൽ പെട്ടവർ. നൂഹിനോടൊപ്പം നാം കപ്പലിൽ കയറ്റിയവരുടെയും, ഇബ്രാഹീമിന്റെയും ഇസ്രായീലിന്റെയും സന്തതികളിൽ പെട്ടവരുമത്രെ അവർ. നാം നേർവഴിയിൽ നയിക്കുകയും പ്രത്യേകം തെരഞ്ഞെടുക്കുകയും ചെയ്തവരിൽ പെട്ടവരും. പരമകാരുണികന്റെ വചനങ്ങൾ വായിച്ചുകേൾക്കുമ്പോൾ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും കണ്ണീരൊഴുക്കിക്കൊണ്ടും അവർ താണുവീഴുകയായി.

۞فَخَلَفَ مِنۢ بَعۡدِهِمۡ خَلۡفٌ أَضَاعُواْ ٱلصَّلَوٰةَ وَٱتَّبَعُواْ ٱلشَّهَوَٰتِۖ
فَسَوۡفَ يَلۡقَوۡنَ غَيًّا ٥٩

59. എന്നാൽ അവർക്കുശേഷം ഒരു പിൻതലമുറ തുടർന്നുവന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തങ്ങളുടെ ദുർവൃത്തികളുടെ ഫലം അവർ ഉടനെ കണ്ടുമുട്ടും.

59. മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരുടെ സമുദായങ്ങളുടെയെല്ലാം മാർഗഭ്രംശത്തിൻെറ ആദ്യകാരണം നമസ്കാരം പാഴാക്കലിൽനിന്നായിരുന്നു. സത്യവിശ്വാസിയുടെ ജീവിതത്തെയും കർമ്മത്തെയും രാവും പകലും അല്ലാഹുവുമായി ബന്ധിപ്പിച്ചുനിർത്തുകയും അവനെ ദൈവഭക്തിയുടെ കേന്ദ്രത്തിൽനിന്നകന്നു പോകാതെ നോക്കുകയും ചെയ്യുന്ന ഒന്നാമത്തെ പാശമാണത്. നമസ്കാരത്തോട് അശ്രദ്ധയും അലംഭാവവും കാണിക്കാൻ തുടങ്ങുന്ന ഏതൊരു സമുദായത്തിൻെറയും അധഃപതനത്തിൻെറ ആദ്യത്തെ ചുവടാണത്.

إِلَّا مَن تَابَ وَءَامَنَ وَعَمِلَ صَٰلِحٗا فَأُوْلَٰٓئِكَ يَدۡخُلُونَ ٱلۡجَنَّةَ
وَلَا يُظۡلَمُونَ شَيۡـٔٗا ٦٠

60. പശ്ചാത്തപിക്കുകയും, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. (അവർ ഇതിൽനിന്ന് ഒഴിവാകുന്നു). അവർ സ്വർഗീയാരാമങ്ങളിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒട്ടും അനീതിയുണ്ടായിരിക്കുന്നതല്ല.

جَنَّٰتِ عَدۡنٍ ٱلَّتِي وَعَدَ ٱلرَّحۡمَٰنُ عِبَادَهُۥ بِٱلۡغَيۡبِۚ إِنَّهُۥ كَانَ
وَعۡدُهُۥ مَأۡتِيّٗا ٦١

61. അവർക്കായി പരമകാരുണികൻ തൻെറ ദാസന്മാർക്ക് അദൃശ്യമായി വാഗ്ദാനം ചെയ്ത സ്ഥിരവാസത്തിനുള്ള സ്വർഗീയാരാമങ്ങളുണ്ട്. തീർച്ചയായും അവൻെറ വാഗ്ദാനം നടപ്പാകുകതന്നെ ചെയ്യും.

لَّا يَسۡمَعُونَ فِيهَا لَغۡوًا إِلَّا سَلَٰمٗاۖ وَلَهُمۡ رِزۡقُهُمۡ فِيهَا بُكۡرَةٗ وَعَشِيّٗا ٦٢

62. അവർ അവിടെ ഒരനാവശ്യവും കേൾക്കുകയില്ല, ''സലാം'' എന്നതല്ലാതെ. തങ്ങളുടെ ആഹാരവിഭവങ്ങൾ രാവിലെയും വൈകുന്നേരവും അവർക്കവിടെ കിട്ടിക്കൊണ്ടിരിക്കും.

تِلۡكَ ٱلۡجَنَّةُ ٱلَّتِي نُورِثُ مِنۡ عِبَادِنَا مَن كَانَ تَقِيّٗا ٦٣

63. നമ്മുടെ ദാസന്മാരിൽ നിന്നുള്ള ഭക്തന്മാരായിരുന്നവർക്ക് നാം അവകാശപ്പെടുത്തിക്കൊടുക്കുന്ന സ്വർഗമത്രെ അത്.

وَمَا نَتَنَزَّلُ إِلَّا بِأَمۡرِ رَبِّكَۖ لَهُۥ مَا بَيۡنَ أَيۡدِينَا وَمَا خَلۡفَنَا وَمَا بَيۡنَ
ذَٰلِكَۚ وَمَا كَانَ رَبُّكَ نَسِيّٗا ٦٤

64. (മലക്ക് ജിബ്‌രീൽ പ്രവാചകനോട് പറഞ്ഞു:) താങ്കളുടെ രക്ഷിതാവിൻെറ കൽപനയില്ലാതെ നാം ഇറങ്ങിവരുന്നതല്ല. നമ്മുടെ മുമ്പിലുള്ളതും നമ്മുടെ പിന്നിലുള്ളതും അവയ്ക്കിടയിലുമുള്ളതെല്ലാം അവൻേറതാണ്. തങ്ങളുടെ രക്ഷിതാവ് ഒന്നും മറക്കുന്നവനല്ല.

رَّبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا فَٱعْبُدْهُ وَٱصْطَبِرْ لِعِبَٰدَتِهِۦ ۚ هَلْ تَعْلَمُ
لَهُۥ سَمِيًّا ﴿٦٥﴾

65. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളവയുടെയും രക്ഷിതാവത്രെ അവന്‍. അതുകൊണ്ട് അവനെ നിങ്ങള്‍ ആരാധിക്കുവിന്‍! അവന്നുള്ള ആരാധനയില്‍ ക്ഷമയോടെ ഉറച്ചു നില്‍ക്കുകയും ചെയ്യുക. അവനോട് പേരൊത്ത ആരെയെങ്കിലും(സമാനമായി മറ്റു വല്ല അസ്തിത്വവും) നിനക്കറിയാമോ?

وَيَقُولُ ٱلْإِنسَٰنُ أَءِذَا مَا مِتُّ لَسَوْفَ أُخْرَجُ حَيًّا ﴿٦٦﴾

66. മനുഷ്യന്‍ പറയുന്നു: ഞാന്‍ മരിച്ചു കഴിഞ്ഞാല്‍ പിന്നെ വീണ്ടും എന്നെ ജീവനോടെ പുറത്തുകൊണ്ടുവരുമെന്നോ?

أَوَلَا يَذْكُرُ ٱلْإِنسَٰنُ أَنَّا خَلَقْنَٰهُ مِن قَبْلُ وَلَمْ يَكُ شَيْـًٔا ﴿٦٧﴾

67. അവന്‍ ഒന്നുംതന്നെ ആയിരുന്നില്ലാത്ത അവസ്ഥയില്‍, മുമ്പ് നാം അവനെ സൃഷ്ടിച്ചുവെന്ന് മനുഷ്യന്‍ ഓര്‍ക്കുന്നില്ലേ?

فَوَرَبِّكَ لَنَحْشُرَنَّهُمْ وَٱلشَّيَٰطِينَ ثُمَّ لَنُحْضِرَنَّهُمْ حَوْلَ جَهَنَّمَ جِثِيًّا ﴿٦٨﴾

68. നിന്‍റെ നാഥന്‍ തന്നെയാണ് സത്യം! തീര്‍ച്ചയായും അവരെയും, പിശാചുക്കളെയും നാം ഒരുമിച്ചുകൂട്ടും. പിന്നെ അവരെ മുട്ടുകുത്തിയവരായി നരകത്തിനു ചുറ്റും കൊണ്ടുവരും.

ثُمَّ لَنَنزِعَنَّ مِن كُلِّ شِيعَةٍ أَيُّهُمْ أَشَدُّ عَلَى ٱلرَّحْمَٰنِ عِتِيًّا ﴿٦٩﴾

69. പിന്നീട് ഓരോ കക്ഷിയില്‍നിന്നും പരമകാരുണികനോട് ഏറ്റം കൂടുതല്‍ ധിക്കാരം കാണിച്ചവരെ നാം വേര്‍തിരിച്ചെടുക്കും.

ثُمَّ لَنَحْنُ أَعْلَمُ بِٱلَّذِينَ هُمْ أَوْلَىٰ بِهَا صِلِيًّا ﴿٧٠﴾

70. പിന്നീട് അതില്‍ (നരകത്തില്‍)കിടന്ന് എരിയുവാന്‍ ഏറ്റവും അര്‍ഹര്‍ ആരെന്ന് നമുക്ക് നന്നായി അറിയാം.

وَإِن مِّنكُمْ إِلَّا وَارِدُهَا ۚ كَانَ عَلَىٰ رَبِّكَ حَتْمًا مَّقْضِيًّا ﴿٧١﴾

71. അതിനടുത്ത്(നരകത്തിനടുത്ത്) വരാത്തവരായി നിങ്ങളില്‍ ആരുമില്ല.നിന്‍റെ രക്ഷിതാവിന്‍റെ ഖണ്ഡിതവും നടപ്പിലാക്കപ്പെടുന്നതുമായ ഒരു കാര്യമാകുന്നു അത്.

ثُمَّ نُنَجِّى ٱلَّذِينَ ٱتَّقَوا۟ وَّنَذَرُ ٱلظَّٰلِمِينَ فِيهَا جِثِيًّا ﴿٧٢﴾

72. പിന്നീട്(ഐഹികജീവിതത്തില്‍)ദൈവഭക്തരായിരുന്നവരെ നാം രക്ഷപ്പെടുത്തുകയും ധിക്കാരികളെ മുട്ടുകുത്തിയവരായിക്കൊണ്ട് നാം അതില്‍ വിട്ടേക്കുകയും ചെയ്യുന്നതാണ്.

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَٰتُنَا بَيِّنَٰتٍ قَالَ ٱلَّذِينَ كَفَرُوا۟
لِلَّذِينَ ءَامَنُوٓا۟ أَىُّ ٱلْفَرِيقَيْنِ خَيْرٌ مَّقَامًا وَأَحْسَنُ
نَدِيًّا ﴿٧٣﴾

73. സുവ്യക്തങ്ങളായ നമ്മുടെ ദൃഷ്ടാന്തങ്ങള്‍ അവര്‍ക്ക് ഓതികേള്‍പ്പിക്കുമ്പോള്‍, വിശ്വാസികളോട് സത്യനിഷേധികള്‍ പറയുന്നു: ഈ രണ്ട് വിഭാഗത്തില്‍ ഉയര്‍ന്ന പദവിയിലുള്ളവരും ഏറ്റവും മെച്ചപ്പെട്ട സംഘമുള്ളവരും ആരാണ്?

وَكَمْ أَهْلَكْنَا قَبْلَهُم مِّن قَرْنٍ هُمْ أَحْسَنُ أَثَٰثًا وَرِءْيًا ﴿٧٤﴾

74. അവർക്കു മുമ്പ് എത്ര തലമുറകളെയാണ് നാം നശിപ്പിച്ചുകഴിഞ്ഞിട്ടുള്ളത്. അവർ സാധന സാമഗ്രികളിലും ബാഹ്യ മോടിയിലും കൂടുതൽ മെച്ചപ്പെട്ടവരായിരുന്നു.

قُلْ مَن كَانَ فِى ٱلضَّلَٰلَةِ فَلْيَمْدُدْ لَهُ ٱلرَّحْمَٰنُ مَدًّا ۚ حَتَّىٰٓ إِذَا رَأَوْا۟ مَا

يُوعَدُونَ إِمَّا ٱلْعَذَابَ وَإِمَّا ٱلسَّاعَةَ فَسَيَعْلَمُونَ مَنْ هُوَ شَرٌّ مَّكَانًا وَأَضْعَفُ

جُندًا ﴿٧٥﴾

75. (നബിയെ) പറയുക: ദുർമാർഗത്തിലകപ്പെടുന്നവർക്ക് പരമകാരുണികൻ അവധി നീട്ടിക്കൊടുക്കുന്നതാണ്. അങ്ങനെ അവരോട് വാഗ്ദത്തം ചെയ്യപ്പെട്ടിരുന്നത്-അത് ദൈവികശിക്ഷയാവട്ടെ, പുനരുത്ഥാനനിമിഷമാവട്ടെ-നേരിൽ കാണുമ്പോൾ അവർ അതറിയുകതന്നെ ചെയ്യും; ആരാണ് കൂടുതൽ മോശമായ സ്ഥാനമുള്ളവരെന്നും ആരുടെ പടയാണ് കൂടുതൽ ദുർബലമെന്നും!

وَيَزِيدُ ٱللَّهُ ٱلَّذِينَ ٱهْتَدَوْا۟ هُدًى ۗ وَٱلْبَٰقِيَٰتُ ٱلصَّٰلِحَٰتُ خَيْرٌ عِندَ رَبِّكَ

ثَوَابًا وَخَيْرٌ مَّرَدًّا ﴿٧٦﴾

76. നേർവഴി സ്വീകരിച്ചവർക്ക് അല്ലാഹു സന്മാർഗനിഷ്ഠ വർധിപ്പിച്ചുകൊടുക്കുന്നതാണ്. നിലനിൽക്കുന്ന സുകൃതങ്ങളാകുന്നു നിൻെറ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പരിണാമമുള്ളതും.

أَفَرَءَيْتَ ٱلَّذِى كَفَرَ بِـَٔايَٰتِنَا وَقَالَ لَأُوتَيَنَّ مَالًا وَوَلَدًا ﴿٧٧﴾

77. എന്നാൽ നമ്മുടെ വചനങ്ങളെ നിഷേധിക്കുകയും, 'എനിക്കു സമ്പത്തും സന്താനവും നൽകപ്പെടും' എന്ന് പറയുകയും ചെയ്യുന്നവനെ നീ കണ്ടുവോ?

أَطَّلَعَ ٱلْغَيْبَ أَمِ ٱتَّخَذَ عِندَ ٱلرَّحْمَٰنِ عَهْدًا ﴿٧٨﴾

78. അദൃശ്യം അവൻ അറിഞ്ഞുവോ? അല്ലെങ്കിൽ പരമകാരുണികനിൽനിന്ന് വല്ല കരാറും അവൻ വാങ്ങിയിട്ടുണ്ടോ?

كَلَّا ۚ سَنَكْتُبُ مَا يَقُولُ وَنَمُدُّ لَهُۥ مِنَ ٱلْعَذَابِ مَدًّا ﴿٧٩﴾

79. ഒരിക്കലുമില്ല. അവൻ പറയുന്നതൊക്കെ നാം രേഖപ്പെടുത്തുന്നുണ്ട്. അവനു നാം ശിക്ഷ കൂട്ടിക്കൂട്ടി കൊടുക്കുകയും ചെയ്യും.

وَنَرِثُهُۥ مَا يَقُولُ وَيَأْتِينَا فَرْدًا ﴿٨٠﴾

80. അവൻ പറയുന്ന (സമ്പത്തും സന്താനവും) നാം അനന്തരാവകാശമെടുക്കും. പിന്നെ അവൻ ഏകനായിക്കൊണ്ട് നമ്മുടെ അടുത്ത് വരികയും ചെയ്യും.

وَٱتَّخَذُوا۟ مِن دُونِ ٱللَّهِ ءَالِهَةً لِّيَكُونُوا۟ لَهُمْ عِزًّا ﴿٨١﴾

81. അവർ അല്ലാഹുവിനു പുറമെ നിരവധി ദൈവങ്ങളെ സ്വീകരിച്ചിരിക്കുകയാണ്. അവ തങ്ങൾക്കു പിൻബലമാകുന്നതിനുവേണ്ടി.

كَلَّا ۚ سَيَكْفُرُونَ بِعِبَادَتِهِمْ وَيَكُونُونَ عَلَيْهِمْ ضِدًّا ﴿٨٢﴾

82. ഒരിക്കലുമില്ല! ഇവരുടെ ആരാധനയെ അവർ നിഷേധിക്കുകയും, അവർ ഇവർക്ക് എതിരായിത്തീരുകയും ചെയ്യുന്നതാണ്.

أَلَمْ تَرَ أَنَّا أَرْسَلْنَا الشَّيَاطِينَ عَلَى الْكَافِرِينَ تَؤُزُّهُمْ أَزًّا ﴿٨٣﴾

83. നാം സത്യനിഷേധികളുടെ മേൽ പിശാചുക്കളെ വിട്ടയച്ചിട്ടുള്ളത് നീ കണ്ടില്ലയോ? ആ (പിശാചുക്കൾ) അവരെ (സത്യവിരോധത്തിൽ) അധികമധികം ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

فَلَا تَعْجَلْ عَلَيْهِمْ ۖ إِنَّمَا نَعُدُّ لَهُمْ عَدًّا ﴿٨٤﴾

84. അതിനാൽ അവരുടെ കാര്യത്തിൽ നീ ധൃതി കാണിക്കേണ്ട. നാം അവർക്കായി (നാളുകൾ) എണ്ണിക്കൊണ്ടിരിക്കുകയാണ്.

يَوْمَ نَحْشُرُ الْمُتَّقِينَ إِلَى الرَّحْمَٰنِ وَفْدًا ﴿٨٥﴾

85. ഭക്തജനങ്ങളെ പരമകാരുണികന്റെ സന്നിധിയിൽ അതിഥികളായി സമ്മേളിപ്പിക്കുന്ന ദിനം!

وَنَسُوقُ الْمُجْرِمِينَ إِلَىٰ جَهَنَّمَ وِرْدًا ﴿٨٦﴾

86. പാപികളെ ദാഹാർത്തരായ നിലയിൽ നരകത്തിലേക്ക് ആട്ടിത്തെളിക്കുകയും (ചെയ്യുന്ന ദിനം!)

لَا يَمْلِكُونَ الشَّفَاعَةَ إِلَّا مَنِ اتَّخَذَ عِنْدَ الرَّحْمَٰنِ عَهْدًا ﴿٨٧﴾

87. അന്ന് ആർക്കും ശിപാർശക്കധികാരമുണ്ടായിരിക്കുകയില്ല; പരമകാരുണികനുമായി കരാറുണ്ടാക്കിയവർക്കൊഴികെ.

وَقَالُوا اتَّخَذَ الرَّحْمَٰنُ وَلَدًا ﴿٨٨﴾

88. പരമകാരുണികൻ ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് അവർ പറഞ്ഞിരിക്കുന്നു.

لَقَدْ جِئْتُمْ شَيْئًا إِدًّا ﴿٨٩﴾

89. തീർച്ചയായും ഏറെ ഗുരുതരമായ ഒരു കാര്യമാണ് നിങ്ങൾ ആരോപിച്ചിരിക്കുന്നത്.

تَكَادُ السَّمَاوَاتُ يَتَفَطَّرْنَ مِنْهُ وَتَنْشَقُّ الْأَرْضُ وَتَخِرُّ الْجِبَالُ هَدًّا ﴿٩٠﴾

90. അത് നിമിത്തം ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്നു പോവുകയും മലകൾ തകർന്നു വീഴുകയും ചെയ്യുമാറാകുന്നു.

أَنْ دَعَوْا لِلرَّحْمَٰنِ وَلَدًا ﴿٩١﴾

91. (അതെ,) പരമകാരുണികന് പുത്രനുണ്ടെന്നു വാദിച്ചതുമൂലം!

وَمَا يَنْبَغِي لِلرَّحْمَٰنِ أَنْ يَتَّخِذَ وَلَدًا ﴿٩٢﴾

92. ഒരു പുത്രനെ വരിക്കുകയെന്നത് പരമകാരുണികന് ചേർന്നതേയല്ല.

إِنْ كُلُّ مَنْ فِي السَّمَاوَاتِ وَالْأَرْضِ إِلَّا آتِي الرَّحْمَٰنِ عَبْدًا ﴿٩٣﴾

93. ആകാശങ്ങളിലും ഭൂമിയിലുമുള്ളവരൊക്കെയും പരമകാരുണികന്റെ സമക്ഷത്തിൽ അടിമകളായി വരേണ്ടവരാകുന്നു.

لَّقَدۡ أَحۡصَىٰهُمۡ وَعَدَّهُمۡ عَدّٗا ﴿٩٤﴾

94. തീർച്ചയായും അവൻ അവരെ തിട്ടപ്പെടുത്തുകയും എണ്ണിക്കണക്കാക്കുകയും ചെയ്തിരിക്കുന്നു.

وَكُلُّهُمۡ ءَاتِيهِ يَوۡمَ ٱلۡقِيَٰمَةِ فَرۡدًا ﴿٩٥﴾

95. ഉയിർത്തെഴുന്നേൽപുനാളിൽ എല്ലാവരും ഒറ്റയ്ക്കൊറ്റക്ക് അവന്റെ മുമ്പിൽ ഹാജരാകുന്നതാണ്.

إِنَّ ٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ سَيَجۡعَلُ لَهُمُ ٱلرَّحۡمَٰنُ وُدّٗا ﴿٩٦﴾

96. തീർച്ചയായും വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ പരമകാരുണികൻ അവർക്ക് സ്നേഹമുണ്ടാക്കിക്കൊടുക്കും.

فَإِنَّمَا يَسَّرۡنَٰهُ بِلِسَانِكَ لِتُبَشِّرَ بِهِ ٱلۡمُتَّقِينَ وَتُنذِرَ بِهِۦ قَوۡمٗا لُّدّٗا ﴿٩٧﴾

97. അതുകൊണ്ട് നിന്റെ ഭാഷയിൽ ഈ (ഖുർആനെ)നാം തീർച്ചയായും എളുപ്പമാക്കിയിരിക്കുന്നു, ഭക്തജനങ്ങളെ ഇതുമൂലം നീ സന്തോഷവാർത്ത അറിയിക്കുന്നതിനും കുതർക്കികളായ ജനത്തെ ഇതുമൂലം നീ താക്കീതുചെയ്യുന്നതിനുംവേണ്ടി.

وَكَمۡ أَهۡلَكۡنَا قَبۡلَهُم مِّن قَرۡنٍ هَلۡ تُحِسُّ مِنۡهُم مِّنۡ أَحَدٍ أَوۡ تَسۡمَعُ لَهُمۡ

رِكۡزَۢا ﴿٩٨﴾

98. ഇവർക്ക് മുമ്പ് നാം എത്ര തലമുറകളെ നശിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. അവരിൽ ഒരുവനെയെങ്കിലും നീ കാണുന്നുണ്ടോ? അല്ലെങ്കിൽ അവരുടെ ചെറു ശബ്ദമെങ്കിലും നീ കേൾക്കുന്നുണ്ടോ?